പതിമൂന്നാം കേരള നിയമസഭ

അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 991 14.06.2012ൽ മറുപടിയ്ക്ക്

യൂണിവേഴ്സിറ്റീസ് വിത്ത് പൊട്ടെൻഷ്യൽ ഫോർ എക്സലൻസ് സ്കീം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്, (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സർക്കാരിന്റെ 'യൂണിവേഴ്സിറ്റീസ് വിത്ത് പൊട്ടെൻഷ്യൽ ഫോർ എക്സലൻസ് സ്കീം' എന്താണെന്നും ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വിശദീകരിക്കാമോ; | എ) രാജ്യത്തെ തെരഞ്ഞെടുത്ത ചില സർവ്വകലാശാലകൾക്ക് അന്താരാഷ്ട്ര നിലാവാരത്തിലുള്ള സർവ്വകലാശാലകളുടെ ഗുണനിലവാരം കൈവരിക്കുന്നതിന് പ്രാപ്തമാക്കുന്നതിനായി യു.ജി.സി. ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് 'യൂണിവേഴ്സിറ്റീസ് വിത്ത് പൊട്ടെൻഷ്യൽ ഫോർ എക്സലൻസ് സ്കീം'. അദ്ധ്യാപന -പഠന-ഗവേഷണ രംഗങ്ങളിൽ ഗുണനിലവാരം കൈവരിക്കുന്നതിനുവേണ്ടി അക്കാഡമിക്, ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക, ബിരുദ-ബിരുദാനന്തര തലത്തിൽ പഠന അദ്ധ്യാപന ഗുണനിലവാരം മെച്ചപ്പെടുത്തുക, രാജ്യത്ത് പൊതുവായും പ്രാദേശികവുമായുള്ള സാമൂഹിക-സാമ്പത്തിക ആവശ്യങ്ങൾക്കനുസരിച്ചുള്ള അക്കാദമിക് പ്രോഗ്രാമുകൾ വികസിപ്പിക്കുക, കോളേജുകളിൽ |

| | | | |
|---|---|---|---|
| | | | ബിരുദ വിദ്യാഭ്യാസം മെച്ചപ്പെടുത്തുക, രാജ്യത്തെ മറ്റ് ഗവേഷണ കേന്ദ്രങ്ങളുമായും ലബോറട്ടറികളുമായുള്ള ശൃംഖല വികസിപ്പിക്കുക, സ്വയംഭരണം, വികേന്ദ്രീകരണം തുടങ്ങിയവ നടപ്പിലാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ. |
| ബി) | ' സ്റ്റേറ്റ്അവാർഡ് ഫണ്ട് ഫോർ യൂണിവേഴ്സിറ്റീസ്' എന്ന പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്;വിശദമാക്കാമോ? | ബി) | സംസ്ഥാനത്തെ സർവ്വകലാശാലകളെ രാജ്യത്തെ മറ്റ് സർവ്വകലാശാലകളുടെ ഗുണനിലവാരത്തിലെത്തിക്കുന്നതിന് ഉള്ള പദ്ധതിയാണിത്. സർവ്വകലാശാലകൾക്ക് വേണ്ടി യു.ജി.സി. നടപ്പാക്കുന്ന "യൂണിവേഴ്സിറ്റീസ് വിത്ത് പൊട്ടൻഷ്യൽ ഫോർ എക്സലൻസ്" എന്ന പദ്ധതിയിൽ സംസ്ഥാനത്തെ ഒരു സർവ്വകലാശാലയും ഉൾപ്പെടാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. രാജ്യത്തെ മികച്ച സർവ്വകലാശാലകളുടെ നിലവാരത്തിലേയ്ക്ക് സംസ്ഥാനത്തെ സർവ്വകലാശാലകളെ എത്തിക്കുവാനും അതുവഴി യു.ജി.സി.യുടെ "യൂണിവേഴ്സിറ്റീസ് വിത്ത് പൊട്ടൻഷ്യൽ ഫോർ എക്സലൻസ്" എന്ന പദ്ധതിയിൽ ഉൾപ്പെടുവാനും സംസ്ഥാനത്തെ സർവ്വകലാശാലകളെ പ്രാപ്തമാക്കുന്നതിനുള്ള പദ്ധതിയാണ് ' സ്റ്റേറ്റ്അവാർഡ് ഫണ്ട് ഫോർ യൂണിവേഴ്സിറ്റീസ്. ഈ പദ്ധതിക്കായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു |

സ്കോറിംഗ് ഇൻഡക്സ് തയ്യാറാക്കും. ഈ അവാർഡ് ലഭിക്കുന്നതിനുള്ള മാനദണ്ഡത്തിൽ 5 വർഷത്തിലൊരിക്കൽ പുരോഗമനപരമായ മാറ്റം വരുത്താനാണുദ്ദേശിക്കുന്നത്. ഇതിനായി 20 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ